File No.FWLD-B2/203/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4459 13.11.2019 -ൽ മറുപടിയ്ക്ക്

## സീനിയറേജ് തുക ഒഴിവാക്കിയത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ | | മറുപടി<br>അഡ്വ.കെ.രാജു<br>വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ പാട്ടം നൽകിയ തോട്ടങ്ങളിലെ റബ്ബർ മരം മുറിയ്ക്കുമ്പോൾ ഒരു ക്യൂബിക് മീറ്റർ തടിയ്ക്ക് വനം വകുപ്പിൽ ഒടുക്കേണ്ടിയിരുന്ന സീനിയറേജ് തുക എത്രയായിരുന്നു ; | (എ) | റബ്ബർ മരത്തടിക്ക് ക്യൂബിക് മീറ്ററിന് 2500/- രൂപയും വിറക് ഒരു മെട്രിക് ടണ്ണിന് 900/- രൂപയും ആയിരുന്നു. |
| (ബി) | പ്രസ്തുത സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | സർക്കാർ ഉത്തരവ് (കൈ) നം. 24/2018/വനം തീയതി 27.06.2018 പ്രകാരം സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ) |
| (സി) | തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട.ജസ്റ്റിസ് കൃഷ്ണൻ നായർ സമർപ്പിച്ച റിപ്പോർട്ടിൽ ഈ സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തിരുന്നുവോ; വ്യക്തമാക്കുമോ; | (സി) | ശിപാർശ നൽകിയിരുന്നു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ടി റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ നൽകിയിട്ടുണ്ട്. അതിൽ സൂചിക - 5 -ൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് നിരക്ക് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | കേരള ഗ്രാന്റ്സ് ആൻഡ് ലീസസ് | (ഡി) | തോട്ടം മേഖലയിലെ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ട് 1980 -ലെ ചട്ടങ്ങൾ പ്രകാരം വനം വകുപ്പ് കൃഷിക്കായി പാട്ടത്തിനു നൽകിയ ഭൂമിയിൽ നിന്നും സീനിയറേജ് തുക ഈടാക്കുവാൻ വ്യവസ്ഥയുള്ള പ്പോൾ പ്രസ്തുത തുക പൂർണ്ണമായും ഒഴിവാക്കി ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡിൽ നിന്നും മറ്റു വൻകിട കമ്പനികളിൽ നിന്നും ഖജനാവിൽ ലഭ്യമാകേണ്ടിയിരുന്ന കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടുത്താനുള്ള കാരണമെന്താണ് ; | | പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ടി റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ നൽകിയിട്ടുണ്ട്. അതിൽ സൂചിക - 5 -ൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് നിരക്ക് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും മേൽ കമ്മിറ്റിയുടെ 27.09.2017 - ന കൂടിയ യോഗത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ, റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് നിലവിലുണ്ടായിരുന്ന ഒരു ക്യൂബിക് മീറ്ററിന് 2500/- രൂപ എന്ന നിരക്കിൽ നിന്നും 1000/- രൂപയായി കുറയ്ക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. അതിനുശേഷം 26.02.2018 - ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ<br><br>തൊഴിൽ വകുപ്പ് മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മറ്റു ഉന്നത ഉദ്യോഗസ്ഥരുടെയും തൊഴിലാളി യൂണിയൻ നേതാക്കളുടെയും യോഗം ചേരുകയും, ടി യോഗത്തിൽ "റബ്ബർമരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ റീപ്ലാന്റിംഗിന് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ്" എന്ന് തീരുമാനിച്ചിട്ടുണ്ട്. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും, 26.02.2018 ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത |

File No.FWLD-B2/203/2019-FWLD

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥന്മാരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ, റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. |
| (ഇ) | സീനിയറേജ് തുക പൂർണമായും ഒഴിവാക്കിയ നടപടിയുടെ യഥാർത്ഥ ഗുണഭോക്താക്കൾ ചെറുകിട, ഇടത്തരം റബ്ബർ കർഷകരല്ല മറിച്ച് വൻകിട കുത്തക കമ്പനികളാണെന്നുള്ളതിനാൽ സീനിയറേജ് തുക ഒഴിവാക്കിയ നടപടി റദ്ദ് ചെയ്യുമോ; വ്യക്തമാക്കുമോ? | (ഇ) | സീനിയറേജ് തുക ഒഴിവാക്കിയ ഉത്തരവിൽ ചെറുകിട, ഇടത്തരം, വൻകിട റബ്ബർ കർഷകർ എന്ന് വേർതിരിച്ചിട്ടില്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ

File No.FWLD-B2/207/2017-FWLD

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്-നിലവിൽ റബ്ബർ മരങ്ങൾ മുറിച്ച മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ബി) വകുപ്പ്

**സ.ഉ.(കൈ) നം.24/2018/വനം തീയതി,തിരുവനന്തപുരം, 27/06/2018**

---

പരാമർശം:- 1 തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്

2 18/06/2017-ലെ സ. ഉ. (എം.എസ്) 44/2017/തൊഴിൽ നമ്പർ

സർക്കാർ ഉത്തരവ്.

ഉത്തരവ്

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അധ്യക്ഷനായി ടാക്സസ്, ഫിനാൻസ്, ഫോറസ്റ്റ്, റവന്യൂ, അഗ്രികൾച്ചർ, ലേബർ & സ്കിൽസ്, നിയമം എന്നീ സെക്രട്ടറിമാർ അംഗങ്ങളായി പരാമർശം 2) ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി 27/09/2017 ന് ശുപാർശ സമർപ്പിച്ചു.

2. പ്രസ്തുത ശുപാർശയിൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ച മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് 2500/- രൂപയാണെന്നും റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ ടി തുക വളരെ കൂടുതലാണെന്നും യോഗം വിലയിരുത്തി. ഒരു റബ്ബർമരം മുറിച്ച് വിൽക്കുമ്പോൾ ലഭിക്കുന്ന ശരാശരി തുക ഏകദേശം 5000/- രൂപയാണ്. മേൽ സാഹചര്യത്തിൽ സീനിയറേജ് തുക നിലവിലെ 2500/- രൂപയിൽ നിന്നും 1000/- രൂപയായി കുറയ്ക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തു

3. സർക്കാർ മേൽ ശുപാർശ വിശദമായി പരിശോധിച്ചു. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ച മാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പല് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്സ്, ലാന്റ് &

റിസോഴ്സസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം

പൊതുഭരണ (രഹസ്യ) വകുപ്പ് (ഇനം നം . 2273 പ്രകാരം)

ധനകാര്യ വകുപ്പ്

തൊഴിലും നൈപുണ്യവും വകുപ്പ്

വെബ് & ന്യൂ മീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ